## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1799 04-10-2011-ൽ മറുപടിക്ക്**

**കൂറുമാറ്റ നിയമം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള കൂറുമാറ്റ നിയമത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) | എങ്കിൽ പ്രധാനമായും എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) 1999-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്റ്റിലെ 2-ഉം, 3-ഉം വകുപ്പുകൾ ഭേദഗതി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഈ മാറ്റം കൊണ്ടുള്ള നേട്ടം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) തെരഞ്ഞെടുപ്പിന്റെയോ അവിശ്വാസ പ്രമേയത്തിന്റെയോ കാര്യത്തിൽ രാഷ്ട്രീയ കക്ഷി നൽകുന്ന നിർദ്ദേശം അനുസരിക്കുന്നതിന് വേണ്ടി നിലവിലുള്ള നിയമത്തിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരമായ ഭരണ സംവിധാനം ഉറപ്പാക്കുന്നതിനും, രാഷ്ട്രീയ കക്ഷി നൽകുന്ന നിർദ്ദേശങ്ങൾക്ക് (വിപ്പ്) കൂടുതൽ പ്രാമുഖ്യം നൽകുന്നതിനും ഈ ഭേദഗതി ഉപകരിക്കും. |

സെക്ഷൻ ആഫീസർ